Draft #1 of File 126153/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 25-Sep-2021 03:52 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് കോളേജുകൾ- പ്രൊഫഷണൽ പ്രോഗ്രാമുകളൊഴികെയുള്ള ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം- ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ / ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ ഏകജാലക പ്രവേശനത്തിന്റെ പ്രവേശന ഷെഡ്യൂൾ ബാധകമാക്കികൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5002/AC A 1/2021/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 25.09.2021

---

*പരാമർശം:*-1. 23.09.2021 തീയതിൽ വൈസ് ചാൻസലറുടെ കുറിപ്പ്

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തുന്ന പ്രൊഫഷണൽ പ്രോഗ്രാമുകൾ ഒഴികെയുള്ളതും ഏകജാലക സംവിധാനത്തിലൂടെയല്ലാതെ പ്രവേശനം നടക്കുന്നതുമായ ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനത്തിനായി പ്രത്യേകമായി വിജ്ഞാപനം പുറപ്പെടുവിക്കുന്നുണ്ടെങ്കിലും പ്രസ്തുത പ്രോഗ്രാമുകളുടെ പ്രവേശന ഷെഡ്യൂൾ, ഏകജാലകം വഴി പ്രവേശനം നടക്കുന്ന ബിരുദ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രവേശന ഷെഡ്യൂൾ പരിഷ്കരിക്കുന്നതിനനുസൃതമായി പരിഷ്കരിക്കാത്തതുമൂലം നിരവധി അപേക്ഷകർക്ക് അവസരം നഷ്ടപ്പെടുന്നതായി ശ്രദ്ധയിൽപെട്ട സാഹചര്യത്തിൽ, പരാമർശം(1) പ്രകാരം, ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന പ്രൊഫഷണൽ പ്രോഗ്രാമുകൾ ഒഴികെയുള്ളതും ഏകജാലക സംവിധാനത്തിലൂടെയല്ലാതെ പ്രവേശനം നടക്കുന്നതുമായ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ പ്രവേശനത്തിനായി സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനം, ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ഏകജാലക പ്രവേശനത്തിന്റെ പ്രവേശന ഷെഡ്യൂൾ പരിഷ്കരിക്കുന്നതിനനുസൃതമായി പരിഷ്കരിക്കേണ്ടതാണ്.
2. അപേക്ഷ സമർപ്പണത്തിനുള്ള അവസാന തീയതി, പ്രവേശനം നടത്തുന്ന തീയതി, ക്ലാസ് ആരംഭിക്കുന്ന തീയതി, ഡേറ്റ് ഓഫ് ക്ലോസിംഗ് ഓഫ് അഡ്മിഷൻസ് എന്നിവ ഏകജാലക പ്രവേശന പ്രക്രിയയുടെ ഷെഡ്യൂളിനനുസൃതമായി തന്നെ പരിഷ്കരിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർ
2.വൈസ് ചാൻസലർ/ പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എ മാർ
4. ബന്ധപ്പെട്ട ജെ ആർ/ഡി ആർ/ എ ആർ (ഭരണം/അക്കാദമിക്/പരീക്ഷ)
5. ബന്ധപ്പെട്ട പരീക്ഷാ സെക്ഷനുകൾ
6. എ സി ബി 6/എ സി എ 8/ സിറ്റാഡ്/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
7. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ /ഐ ക്യൂ എ സി
8. കരുതൽ ഫയൽ/ഫയൽ കോപ്പി / റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 126153/AC A1-3/2021/ACAD Approved by ASSISTANT REGISTRAR I (ACADEMIC) on 25-Sep-2021 03:52 PM - Page 2